**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787** **05-07-2022 - ൽ മറുപടിയ്ക്ക്**

**സി.എൻ.ജി. ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ഇന്ധനച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി സി.എൻ.ജി. ബസ്സുകൾ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | **കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 310 എണ്ണം സി.എൻ.ജി. ബസുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത് പ്രാഥമിക യോഗ്യത നേടി ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത വാഹന നിർമ്മാതാവായ M/s. Ashok Leyland Ltd-നോട് ടെണ്ടർ വ്യവസ്ഥകൾ പാലിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ച് വിലയിരുത്തുന്നതിനായി prototype bus നൽകുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ 700 സി.എൻ.ജി. ബസുകൾ വാങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. CNGയുടെ വില വർദ്ധനവുകാരണം അന്തിമ തീരുമാനം കൈകൊണ്ടിട്ടില്ല.** |
| (ബി) | സി.എൻ.ജി. ഇന്ധനം ഉപയോഗിക്കുന്നതിലൂടെ ഇന്ധനച്ചെലവ് എത്രത്തോളം കുറയ്ക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബസുകൾ ഹരിത ഇന്ധനത്തിലേക്ക് മാറുന്നതിനായി പദ്ധതി തയ്യാറാക്കുമ്പോൾ CNG-യ്ക്ക് കിലോയ്ക്ക് 50 രൂപയും ആയിരുന്നത് 01/6/2022-ൽ CNG-യ്ക്ക് കിലോയ്ക്ക് 83 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. നിലവിൽ ഡീസൽ, സി.എൻ.ജി. ബസ്സുകളുടെ ഇന്ധന ചിലവ് കിലോമീറ്ററിനു യഥാക്രമം 23.20 രൂപയും 21.84 രൂപയും ആണ്. ഈ സാഹചര്യത്തിൽ സി.എൻ.ജി. ഇന്ധനം ഉപയോഗിക്കുന്നതിലൂടെ ഇന്ധന ചെലവ് കാര്യമായി കുറയ്ക്കുവാൻ കഴിയുമെന്നു കരുതുന്നില്ല. |
| (സി) | ബസ്സുകൾക്ക് സി.എൻ.ജി. ലഭിക്കുന്നതിനാവശ്യമായ സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്ര സർക്കാർ ദർഘാസ് നടപടികളിലൂടെ കേരളത്തിലെ സി.എൻ.ജി.യുടെ വിതരണാവകാശം വടക്കൻ ജില്ലകളിൽ M/s. IOC- Adhani എന്ന സ്ഥാപനത്തിനും തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ M/s.AG&P എന്ന സ്ഥാപനത്തിനും ആണ് നൽകിയിരിക്കുന്നത്. ഇതിൽ തിരുവനന്തപുരത്ത് ഈഞ്ചക്കൽ എന്ന |

| | | | | |
|---|---|---|---|---|
| | | | | സ്ഥലത്ത് Mobile refilling unit ഉൾപ്പെടുന്ന online CNG Station സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനു വേണ്ടി ഈഞ്ചക്കലിൽ 30 സെന്റ് സ്ഥലം M/s.AG&P എന്ന സ്ഥാപനത്തിന് പാട്ടവാടകക്ക് കൈമാറാനുള്ള ഭരണസമിതി അനുമതിക്കുവേണ്ടി കാത്തിരിക്കുകയാണ്. ടി സ്ഥലത്ത് സർവെയും മറ്റ പ്രാരംഭഘട്ട നടപടികളും പുരോഗമിച്ചുവരുന്നു. വടക്കൻ ജില്ലകളിലും ടി പ്രവൃത്തിക്കായുള്ള സത്വര നടപടികൾ കൈകൊണ്ട് വരികയാണ്.<br><br>ഓഗസ്റ്റ് മാസത്തോടെ ടി CNG സ്റ്റേഷനുകളുടെ പ്രവർത്തികൾ പൂർത്തീകരിക്കാൻ സാധിക്കും എന്ന് M/s. AG&P അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ